പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# ലജ്ജയില്ലെങ്കിൽ വിശ്വാസവും ഇല്ല

وَعَن ابن عُمَر رضي الله عنهما أنَّ النبيّ ﷺ قال: إنَّ الْحَيَاءَ وَالإِيمَانَ قُرِناءُ جَميعاً فَإذا رُفِعَ أحَدُهُما رُفِعَ الآخر

**ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: ലജ്ജയും വിശ്വാസവും ഇരട്ടകളാണ്. ഒന്ന് ഒരാൾ വേണ്ടെന്ന് വെച്ചാൽ മറ്റേതും കൈയൊഴിയേിവരും (ബുഖാരി)**

ലജ്ജയും വിശ്വാസവും തമ്മിലുള്ള പാരസ്പര്യത്തിലേക്ക് വിരൽ ചൂണ്ടുന്ന പ്രവാചക വചനമാണിത്. വർത്തമാന ലോകത്ത് ഏറെ പ്രസക്തമാണീ വാക്യം. സമൂഹത്തിൽ മുമ്പെങ്ങുമില്ലാത്തവിധം നിർലജ്ജത വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. നിർലജ്ജമായൊരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്.

ലജ്ജയെന്നത് അടിസ്ഥാനപരമായി ഒരു വിശുദ്ധ വികാരമാണ്. ഈമാനിൽ(വിശ്വാസം)നിന്നാണത് ഉടലെടുക്കേണ്ടത്. 'ലജ്ജ ഈമാന്റെ ശാഖയാണ്' എന്നാണ് ഇതു സംബന്ധമായി പ്രവാചകൻ(സ) പറഞ്ഞിട്ടുള്ളത്. വിശ്വാസ കാര്യങ്ങളിൽ മുഖ്യം, അല്ലാഹുവിലുള്ള വിശ്വാസമായത് പോലെ, ലജ്ജയുടെ കാര്യത്തിൽ മുഖ്യം അല്ലാഹുവിന്റെ മുമ്പിൽ തോന്നേണ്ട ലജ്ജയാണ്. 'ആളുകളെന്ത് പറയും, സമൂഹമെങ്ങനെ വിലയിരുത്തും' എന്നോർത്ത് ലജ്ജിക്കുന്നതിനേക്കാൾ, 'അല്ലാഹുവിന്റെ മുന്നിലെങ്ങനെ ഇത്തരം നീചകർമങ്ങൾ ചെയ്യും' എന്നാലോചിച്ച് ലജ്ജിക്കാൻ കഴിയണം. 'അല്ല, മനുഷ്യൻ തനിക്ക് മുന്നിൽ അധർമം പ്രവർത്തിക്കാനുദ്ദേശിക്കുന്നു' (സൂറ *അൽഖിയാമ* 5) എന്ന വാക്യം സ്മരണീയമാണ്. സ്ഥായിയായി മനുഷ്യനെ തെറ്റുകുറ്റങ്ങളിൽ നിന്ന് തടത്തുനിർത്താൻ അല്ലാഹുവിനോടുള്ള ലജ്ജാബോധത്തിന് മാത്രമേ സാധ്യമാകൂ. രഹസ്യവും പരസ്യവുമറിയുന്ന, ഹൃദയ രഹസ്യങ്ങൾ പോലും സൂക്ഷ്മമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന അല്ലാഹുവിലുള്ള വിശ്വാസം മനസ്സിൽ രൂഢമൂലമായി കഴിഞ്ഞാൽ തെറ്റുകുറ്റങ്ങളിൽനിന്ന് വിശ്വാസിയെ തടഞ്ഞുനിർത്താൻ അത് പര്യാപ്തമാകും. അല്ലാഹു പറയുന്നു: "ആകാശ ഭൂമികളിലുള്ള സർവതും അല്ലാഹു അറിയുന്നു എന്ന് നീ മനസ്സിലാക്കിയില്ലേ. മൂന്ന് പേർ രഹസ്യഭാഷണം നടത്തുന്നില്ല, നാലാമനായി അല്ലാഹു അവരോടൊപ്പമില്ലാതെ. അഞ്ച് പേർ രഹസ്യഭാഷണം നടത്തുന്നില്ല, ആറാമനായി അല്ലാഹു അവരോടൊപ്പമില്ലാതെ, അതിനേക്കാൾ കുറയട്ടെ, കൂടട്ടെ അവൻ അവരോടൊപ്പമില്ലാതെയില്ല. പിന്നീട് അന്ത്യനാളിൽ അവർ പ്രവർത്തിച്ചതിനെക്കുറിച്ച് അവൻ അവരെ അറിയിക്കുന്നതാണ്. അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും അറിവുള്ളവനാകുന്നു" (*അൽ മുജാദില* 7).

കൊല, കൊള്ള, വ്യഭിചാരം, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ഉപയോഗം തുടങ്ങി സാമൂഹിക തിന്മകൾ വ്യാപിക്കാൻ അടിസ്ഥാന കാരണം, വിശ്വാസവും അതുവഴി ലജ്ജാബോധവും നഷ്ടമാകുന്നതാണ്. 'ലജ്ജയില്ലെങ്കിൽ നീ തോന്നുന്നതെല്ലാം ചെയ്തുകൊള്ളുക' എന്ന് പ്രവാചകൻ പറയാനുള്ള കാരണവും മറ്റൊന്നല്ല. ലജ്ജ നഷ്ടപ്പെട്ടവന് ആത്മനിയന്ത്രണശേഷിയും നഷ്ടപ്പെടുമെന്നതാണ് യാഥാർഥ്യം. അതോടെ മൃഗങ്ങളേക്കാൾ അധഃപതിച്ച ഒരു തലത്തിലേക്ക് അവൻ എത്തിപ്പെടുന്നു. നന്മ-തിന്മകളുടെയും ശരി-തെറ്റുകളുടെയും അതിരടയാളങ്ങൾ പോലും തിരിച്ചറിയാത്ത ഒരവസ്ഥയായിരിക്കും അത്. താൽക്കാലിക ഇന്ദ്രിയാനുഭൂതി നൽകുന്നതെന്തും കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യാൻ ധൃഷ്ടരാകുന്നതങ്ങനെയാണ്. ■